# പത്രക്കുറിപ്പ്

## <u>സ്കൂൾ പി.ടി.എ. അവാർഡ്</u>

2015-16 വർഷത്തെ സംസ്ഥാന സ്കൂൾ പി.ടി.എ.(അദ്ധ്യാപക-രക്ഷാകർതൃ സമിതി) അവാർഡുകൾ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, എസ്.സി.ഇ.ആർ.ടി., എസ്.എസ്.എ, സീമാറ്റ്, എന്നിവയുടെ ഡയറക്ടർമാർ അംഗങ്ങളായുള്ള സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയാണ് അവാർഡിന് അർഹമായ പി.ടി.എ.കളെ തെരഞ്ഞെടുത്തത്.

മികച്ച പി.ടി.എ.കളിൽ 1-ാം സ്ഥാനം നേടുന്ന പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക് 5,00,000/- രൂപ വീതവും സി.എച്ച്. മുഹമദ് കോയ എവർറോളിംഗ് ട്രോഫിയും നൽകി വരുന്നു. 2 മുതൽ 5 വരെ സ്ഥാനം നേടുന്ന സ്കൂൾ പി.ടി.എ.കൾക്ക് യഥാക്രമം 4,00,000/-, 3,00,000/-, 2,00,000/-, 1,00,000/- രൂപ എന്നിങ്ങനെയും നൽകി വരുന്നു. ഈ വർഷത്തെ മികച്ച പി.ടി.എ.യ്ക്കുള്ള അവാർഡിനർഹമായ സ്കൂളുകൾ താഴെ വിശദീകരിക്കുന്നു.

### സെക്കണ്ടറി വിഭാഗം

1-ാം സ്ഥാനം - **എം.എൻ.കെ.എം എച്ച്.എസ്, പുലാപ്പറ്റ, പാലക്കാട്**

2-ാം സ്ഥാനം - **സെന്റ് മേരീസ് എച്ച്.എസ്.എസ് കിടങ്ങൂർ, കോട്ടയം**

3-ാം സ്ഥാനം - **ഗവൺമെന്റ് എച്ച്.എസ്. വെയിലൂർ, തിരുവനന്തപുരം**

4-ാം സ്ഥാനം - **ജി.എച്ച്.എസ്.എസ്. പൂക്കോട്ടുംപാടം, മലപ്പുറം**

5-ാം സ്ഥാനം - **ജി.വി.എച്ച്.എസ് ചെറുവണ്ണൂർ, കോഴിക്കോട്**

# പ്രൈമറി വിഭാഗം

1-ാം സ്ഥാനം - ജി.യു.പി.എസ്. ഭീമനാട്, പാലക്കാട്

2-ാം സ്ഥാനം - വി.ഒ.യു.പി.എസ്, പുനലൂർ, കൊല്ലം

3-ാം സ്ഥാനം - ജി.യു.പി സ്കൂൾ, കോടൽ, പന്തീരൻകാവ്, കോഴിക്കോട്

4-ാം സ്ഥാനം - ജി.എം.എൽ.പി.എസ് അണ്ടത്തോട്, തൃശൂർ

5-ാം സ്ഥാനം - ഗവൺമെന്റ് എൽ.പി.ജി.എസ് വർക്കല, തിരുവനന്തപുരം

കൂടാതെ പ്രൈമറി വിഭാഗത്തിൽ റ്റി.എം.എൽ.പി.എസ്. കലവൂർ, ആലപ്പുഴ, സെക്കന്ററി വിഭാഗത്തിൽ ജി.എച്ച്.എസ്.എസ് തരുവണ, വയനാട് എന്നീ സ്കൂളുകൾ 25,000/- രൂപ വീതം പ്രോത്സാഹന സമ്മാനത്തിനും അർഹരായി. അവാർഡ് ജേതാക്കൾക്ക് ദേശീയ അദ്ധ്യാപകദിനമായ 2016 സെപ്റ്റംബർ 5-ന് തിരുവനന്തപുരം സെൻട്രൽ ഹൈസ്കൂൾ അട്ടക്കുളങ്ങരയിൽ വച്ച് രാവിലെ 10.30 മണിക്ക് നടക്കുന്ന അധ്യാപക ദിനാഘോഷ ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്.

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM-14

01/09/2016

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി